വളരെ അടിയന്തിരം

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഡിബി3-5215/2013/സിഇ/തസ്വഭവ

തീയതി 11.08.2020

# പരിപത്രം

വിഷയം : തസ്വഭവ (സാങ്കേതിക വിഭാഗം) -സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിൽ പൂർത്തിയായി ഉദ്ഘാടനം ചെയ്യാൻ പറ്റുന്ന പ്രവൃത്തികളുടെ വിവരങ്ങൾ സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന : 10/08/2020ലെ ബഹു. തസ്വഭവ മന്ത്രിയുടെ കാര്യാലയത്തിൽ നിന്നുമുള്ള കുറിപ്പ് നം. 269/എൻ/എം(തസ്വഭവ)2020-08-11

കോവിഡ്-19 വ്യാപനത്തിൻറെ ഫലമായി പൂർത്തിയാക്കേണ്ട പദ്ധതികളുടെ പ്രവർത്തനത്തിന് പലവിധ തടസ്സങ്ങളും കാലതാമസവും ഉണ്ടായിരിക്കുന്നു. ഈ സാമ്പത്തിക വർഷത്തെ (2020-21) രണ്ടു ഘട്ടമായി തിരിച്ചുകൊണ്ട് അതതു മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കണമെന്ന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്.

ഇതിൽ ആദ്യ ഘട്ടം ആഗസ്റ്റ് 20 മുതൽ 100 ദിവസം കൊണ്ട് പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിക്കാവുന്ന പദ്ധതികളാവണം. സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ പൂർത്തിയാക്കാവുന്ന പദ്ധതികൾ നവംബർ 30 തിനകം ഒന്നാം ഘട്ടമായെടുക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി നവംബർ 2020, ഫെബ്രുവരി 2021 കാലയളവിൽ പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിക്കാവുന്ന പദ്ധതികളുടെ പട്ടികകൾ തയ്യാറാക്കണം.

ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി സെപ്റ്റംബർ, **ഒക്ടോബർ, നവംബർ** എന്നീ മാസങ്ങളിൽ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ കഴിയുന്ന പ്രവർത്തികളുടെ വിവരങ്ങൾ ഈ കാര്യാലയത്തിൻറെ ഔദ്യോഗിക വെബ് സൈറ്റിലെ **"Proforma"** പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള **Proforma F- 1081-ൽ** രേഖപ്പെടുത്തി, **12-08-2020** ന് മുൻപായി സമർപ്പിക്കേണ്ടതാണ്. 50 ലക്ഷം രൂപയും അതിൽ കൂടുതലും തുക വരുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തേണ്ടത്. ത്രിതല പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അതത് ജില്ലാ പഞ്ചായത്തുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽശേഖരിച്ച് ക്രോഡീകരിച്ച് ടി Proforma -യിൽ രേഖപ്പെടുത്തേണ്ടതാണ്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ എന്നീ തസ്വഭവ സ്ഥാപനങ്ങളുടെ പ്രവൃത്തികളുടെ വിവരങ്ങൾ അതാത് തസ്വഭവ സ്ഥാപനങ്ങളിൽ നിന്നും നേരിട്ടാണ് രേഖപ്പെടുത്തേണ്ടത്.

**ചീഫ് എഞ്ചിനീയർ**